കേരള സാഹിത്യ അക്കാദമി
തൃശൂർ
08.02.2014

പത്രക്കുറിപ്പ്

ഗ്രന്ഥശാലാപ്രവർത്തകരെ ആദരിച്ചു

# എക്കാലവും ഗ്രന്ഥശാലാപ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണം : മന്ത്രി കെ.സി.ജോസഫ്

തൃശൂർ : എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായാലും സാംസ്കാരികമായ നവോത്ഥാനത്തിനുവേണ്ടി ഗ്രന്ഥശാലാ പ്രസ്ഥാനത്തെ എക്കാലവും മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ടെന്ന് സാംസ്കാരികവകുപ്പുമന്ത്രി കെ. സി.ജോസഫ് പറഞ്ഞു. ലാഭേച്ഛയില്ലാതെ ത്യാഗപൂർണമായി ദീർഘകാലം ഗ്രന്ഥശാലാപ്രസ്ഥാനത്തെ വളർത്തിയതുകൊണ്ടാണ് കേരളത്തിൽ സാംസ്കാരികരംഗത്ത് വലിയ പുരോഗതി കൈവരിക്കാനായത്. യുനെസ്കോ പോലും അംഗീകരിച്ചാദരിച്ച മികവാണ് കേരളത്തിലെ ഗ്രന്ഥശാലകൾക്കുണ്ടായത്. മുൻകാലത്തെ പോലെ ഗ്രാമീണഗ്രന്ഥശാലകളെ ജനങ്ങൾ സ്വീകരിക്കുന്നില്ലെങ്കിലും ഗ്രന്ഥാലയങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്. ഇന്റർനെറ്റിന്റെയും മറ്റും സ്വാധീനം വളരെയേറെയുണ്ടെങ്കിലും അതൊന്നും പുസ്തകങ്ങൾക്ക് പകരമാവില്ലെന്നും അദ്ദേഹം പറഞ്ഞു.

കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവത്തിൽ സമുന്നതരായ ഗ്രന്ഥശാലാപ്രവർത്തകരെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മികച്ച അഞ്ച് ഗ്രന്ഥശാലാപ്രവർത്തകർക്ക് ഉപഹാരം നൽകി മന്ത്രി അവരെ ആദരിച്ചു.

കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു. അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങളോടെ വായനശാലകളെ അനൗപചാരികവിദ്യാഭ്യാസകേന്ദ്രങ്ങളായി ഗ്രന്ഥശാലാപ്രവർത്തകർ വളർത്തിയെടുത്തുവെന്ന് അദ്ദേഹം പറഞ്ഞു. കേരളീയ നവോത്ഥാനത്തോടൊപ്പമാണ് ഗ്രന്ഥശാലാപ്രവർത്തനം ശക്തിപ്രാപിച്ചത് - പെരുമ്പടവം പറഞ്ഞു.

ഇ.വി.നാരായണൻ, സി.ജി.ജയപാൽ, എം.എസ്.കുമാർ, ടി.നാരായണൻ മാസ്റ്റർ, കാരാട്ട് പ്രഭാകരൻ എന്നിവരാണ് ആദരിക്കപ്പെട്ട ഗ്രന്ഥശാലാപ്രവർത്തകർ. ആദരണച്ചടങ്ങിൽ ഇവർ ഗ്രന്ഥശാലാ പ്രവർത്തനരംഗത്തെ അനുഭവങ്ങൾ വിവരിച്ചു. സാഹിത്യ അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും അക്കാദമി പബ്ലിക്കേഷൻസ് ഓഫീസർ ഈ.ഡി.ഡേവീസ് നന്ദിയും പറഞ്ഞു.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി